**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പാലക്കാട് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)-ന് കമ്മ്യൂട്ടഡ് ലീവ് അനുവദിച്ചുകൊണ്ട്, ടി കാലയളവിലേക്ക് പ്രസ്തുത തസ്തികയുടെ പൂർണ്ണ അധിക ചുമതല പാലക്കാട് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (പിഎ) ശ്രീമതി.ഉഷ എം.കെ.-യ്ക്ക് നൽകിയ ഗ്രാമവികസന കമ്മീഷണറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.3338/2017തസ്വഭവ** **തിരുവനന്തപുരം, തീയതി, 20.10.2017.**

---

പരാമർശം: 1) 17.12.2015-ലെ ഗ്രാമവികസന കമ്മീഷണറുടെ 21164/എസ്റ്റാ.എ1/2015/സിആർഡി നമ്പർ നടപടിക്രമം.

2) 31.12.2015-ലെ ഗ്രാമവികസന കമ്മീഷണറുടെ 21164/എസ്റ്റാ.എ1/2015/സിആർഡി നമ്പർ നടപടിക്രമം.

3) ഗ്രാമവികസന കമ്മീഷണറുടെ 20.01.2016-ലെ 21164/എസ്റ്റാ.എ1/2015/സിആർഡി നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പാലക്കാട് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ആയിരുന്ന ശ്രീ.എം.ഗോപാലകൃഷ്ണന് 01.12.2015 മുതൽ 31.05.2016 വരെ 183 ദിവസത്തെ കമ്മ്യൂട്ടഡ് ലീവ് പരാമർശം (1) പ്രകാരം ഗ്രാമവികസന കമ്മീഷണർ അനുവദിച്ചിരുന്നു. എന്നാൽ ടിയാന് അടിയന്തിരമായി നിർവ്വഹിക്കേണ്ട ജോലികൾ ഉണ്ടായിരുന്നതിനാൽ 31.12.2015 വരെയുള്ള ലീവ് കാലഘട്ടം ഡ്യൂട്ടി ആയി പരിഗണിച്ചുകൊണ്ടും, 01.01.2016 മുതൽ 31.05.2016 വരെ ടിയാന് കമ്മ്യൂട്ടഡ് ലീവ് അനുവദിച്ചുകൊണ്ടും, ടി കാലയളവിലേക്ക് പാലക്കാട് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)-ന്റെ പൂർണ്ണ അധിക ചുമതല പാലക്കാട് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (പിഎ) ശ്രീമതി.ഉഷ എം.കെ.-യ്ക്ക് നൽകിക്കൊണ്ടും പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ ഉത്തരവാകുകയും ചെയ്തിരുന്നു. പ്രസ്തുത നടപടിയ്ക്ക് സാധൂകരണം നൽകണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 01.01.2016 മുതൽ 31.05.2016 വരെ ശ്രീ.എം.ഗോപാലകൃഷ്ണന് കമ്മ്യൂട്ടഡ് ലീവ് അനുവദിച്ച കാലയളവിലേക്ക് പാലക്കാട് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)-ന്റെ പൂർണ്ണ അധിക ചുമതല പാലക്കാട് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (പിഎ) ശ്രീമതി.ഉഷ എം.കെ.-യ്ക്ക് നൽകിക്കൊണ്ടുളള ഗ്രാമവികസന കമ്മീഷണറുടെ പരാമർശം (2)-ലെ നടപടിക്ക് സാധൂകരണം നല്കി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സന്തോഷ് കുമാർ എസ്.ആർ.**
**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ശ്രീ.എം.ഗോപാലകൃഷ്ണൻ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ഗ്രാമവികസന കമ്മീഷണർ മുഖേന)

ശ്രീമതി.ഉഷ എം.കെ., അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ.

ജില്ലാ കളക്ടർ, പാലക്കാട്

ജില്ലാ ട്രഷറി ഓഫീസർ, പാലക്കാട്

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ